# [1] വാഞ്ചര



1

**കാ**ലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് നിരന്തരം പുതുക്കികൊണ്ടാണ് വിദ്യാഭ്യാസം വളരേണ്ടത്. ഓരോ കാലഘട്ടത്തിലും വിദ്യാർത്ഥികളിൽ വളരേണ്ടത് വ്യത്യസ്തമായ കഴിവുകളാണ്.
കഴിഞ്ഞ കാലത്തിൽ ആവശ്യമില്ലാതിരുന്ന കമ്പ്യൂട്ടർ പരിജ്ഞാനം ഇന്ന് അത്യന്താപേഷിതമാണ്.വിദ്യാഭ്യാസം ഒരു പുഴ പോലെ ഒഴുകേണ്ടതാണ്.

കല്ലുകളിൽ കൊത്തി പൂർവ്വികർ തുടങ്ങിയ എഴുത്ത് വിദ്യ ഇന്ന് പനയോലയും കടലാസുകളും കടന്ന് ഡിജിറ്റൽ അക്ഷരങ്ങളിൽ എത്തിയിരിക്കുന്നു. ഇന്ന് പേനയുടെ സ്ഥാനം കീബോർഡ് കയ്യടക്കികഴിഞ്ഞു.

തന്റെ നാടിനെയും ചുറ്റുപാടുകളെയും അറിയാൻ സാങ്കേതിക വിദ്യാഭ്യാസത്തിനു സാധിക്കട്ടെ എന്ന് പ്രത്യാശിച്ചുകൊണ്ട് സമർപ്പിക്കുന്നു........

“വാഞ്ഛ"

എഡിറ്റർ

വാഞ്ചര


പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക
ഗവ.ഹയർ സെക്കന്ററി സ്കൂൾ കണ്ടശ്ശാംകടവ്
സ്ഥാപിതം 1906
തൃശ്ശൂർ ജില്ല



# സന്ദേശം

വിദ്യാർത്ഥികളിൽ ഉറങ്ങി കിടക്കുന്ന
സർഗ്ഗവാസനകളെ  ഉണർത്തിയില്ലെങ്കിൽ
ഒരു പക്ഷെ അവ  മറഞ്ഞുപോയേക്കാം
ഞങ്ങളുടെ കൊച്ചുകലാസൃഷ്ടികൾ  ഇതാ
വാഞ്ഛയിലൂടെ  അവതരിപ്പിക്കുന്നു.....

സീനിയർ അധ്യാപിക

# താളുകളിലൂടെ......


സന്ദേശം

ലേഖനം

ചിത്ര രചന

ചിത്ര രചന

ചില നിമിഷങ്ങളിലൂടെ...

ചിത്ര രചന

വിണ്ണിലെ വെണ്ണിത്തിളക്കം

ഞാൻ

കഥ

ഗ്രാമം

# വാഞ്ഛയ്ക്കു പിന്നിൽ..........

- അനേഘ് കെ എസ്
- ഗോഡ്സൺ എം ഡി
- സായൂജ് കെ എസ്
- അഭിത്ത് ചന്ദ്രൻ
- ജെസ്‌വിൻ ജോൺ
- സജിത്ത് കെ കെ
- അമൽ എം വി
- ലിന്റോ ഇ വി

വാഞ്ഛ

# നിപ വൈറസ്



ചില പ്രത്യേകതരം പഴംതീനി വവ്വാലുകളുടെ ശരീരത്തിൽ കാണപ്പെടുന്ന **RNA** വൈറസാണ് നിപ .1999-ൽ മലേഷ്യയിലെയും സിങ്കപ്പൂരിലെയും പന്നി കർഷകരിലാണ് ആദ്യമായി ഈ വൈറസ് കണ്ടെത്തിയത് .

**300**-ലധികം ആളുകളെ അന്ന് ഈ വൈറസ് ബാധിച്ചു. **100** പേരോളമാണ് മരണത്തിന് കീഴടങ്ങിയത് . പ്രദേശത്തെ




പത്തുലക്ഷം ആളുകളെ കൊന്നൊടുക്കി. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പടരുന്ന ഈ വൈറസ് തലച്ചോറിനെ ബാധിക്കുന്നു. കടുത്ത

വാഞ്ഛര

പനി, തലവേദന, ചുമ, തുടങ്ങിയ  ലക്ഷണങ്ങൾ
കാണിക്കുന്നു. ഈ    രോഗത്തിന് പ്രതിരോധമരുന്നില്ല.
വവ്വാലുകളുടെ ശരീരത്തിൽ വളരെ കുറച്ച്  വൈറസ് മാത്രം
കാണപ്പെടുന്നു. വവ്വാലുകളുടെ കാഷ്ഠം ,    മൂത്രം ,
എന്നിവ   വഴിയൊക്കെ  പന്നിയും മനുഷ്യരുമടക്കമുള്ള
ജീവികളിലേക്ക്     എത്തുന്നു. വവ്വാലുകളൊഴികെയുള്ള
ജീവികളിൽ  ഈ   വൈറസ്   മാരകമാകും. നിപ വൈറസ്
ശരീരത്തിൽ എത്തിയ എല്ലാവർക്കും  രോഗം
ബാധിക്കണമെന്നില്ല. ആളുകളുടെ പ്രതിരോധശേഷിയും
വൈറസിന്റെ അളവുമെല്ലാം ഇതിനെ ബാധിക്കുന്ന
ഘടകങ്ങളാണ്.

**അനേഘ് കെ എസ്**
**IX A**



**അഭിത്ത്ചന്ദ്രൻ,9B**

വാഞ്ഛ



**അനേഘ് കെ എസ്**

**IX A**

വാഞ്ഛ

## J R C



## ഓസോൺ ദിനം



## നാടൻ പാട്ട് കളരി



## സുംബ



വാഞ്ഛ



ജെസ്‌വിൻ ജോൺ,9B

വാഞ്ഛ

അമൽഎം വി



വാഞ്ഛര

# മണ്ടനായ കാക്ക

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു കാക്കയും കുറുന്നരിയും ഉണ്ടായിരുന്നു . ഒരുദിവസം കാക്ക താഴെകിടക്കുന്ന ഒരു റൊട്ടി കണ്ടു .കാക്ക ആ റൊട്ടി പറന്നെടുത്ത് ഒരു കൊമ്പിൽ ചെന്നിരുന്നു .അപ്പോഴാണ് കാക്ക കുറുന്നരി വരുന്നതു കണ്ടത് .കുറുന്നരി വളരെ തന്ത്രശാലിയായിരുന്നു .കാക്കയുടെ വായയിൽ ഒരു റൊട്ടി കണ്ട് കുറുന്നരി നോക്കി.റൊട്ടി കിട്ടാൻ കുറുന്നരി ഒരു സൂത്രപണി ഒപ്പിച്ചു.കാക്കെ കാക്കെ നീനല്ല പാട്ടുകാരിയാണെന്ന് പറയുന്നുണ്ടല്ലോ. എനിക്കുവേണ്ടി ഒരു പാട്ടു പാടുമോ.കാക്ക കുറുന്നരി യുടെ പുകഴ്ത്തൽ കേട്ട് പാടാൻ തയ്യാറായി.കാാാാ...കാാ... അപ്പോൾ കാക്കയുടെ വായിൽ നിന്ന് റൊട്ടി താഴെ വിണു .ആ തക്കം നോക്കി കുറുന്നരി റൊട്ടി എടുത്ത് ഓടി. കാക്കയ്ക്കു വായിലുള്ള റൊട്ടി നഷ്ടപെട്ടു .

# _ഞാൻ

തളിർ ചുണ്ടിൽ കാണാമറയത്ത്
താരാട്ടു കേട്ടുറങ്ങി ഞാൻ
മാരുതൻ തൻ പാരെ
മാമുണ്ണാൻ പോയി ഞാൻ
ആദ്യമായക്ഷി ഞാൻ വിടർത്തവെ
അമ്മതൻ തളിർ ചുംബനമേറ്റു ഞാൻ
മണ്ണിൻ  സരോവരത്തിൽ
മാടിയുറപ്പിച്ചു എൻ കാലുകൾ ഞാൻ
മാരി തൻ മൊട്ടുകൾ വിടർത്തി
മങ്കയായി കേരള തനിമയായി ഞാൻ

ശ്രീലക്ഷ്മി വി ആർ

10A

# ആമയും മുയലും

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു ആമയും മുയലും ജീവിച്ചിരുന്നു.ആമ പാവവും മുയൽ അഹങ്കാരിയുമായിരുന്നു.ഒരു ദിവസം അഹങ്കാരിയായ മുയൽ ആമയോട് വെല്ലുവിളിച്ചു.ഓട്ടപ്പന്തയമായിരുന്നു വെല്ലുവിളി. ആമ ഈ വെല്ലുവിളി സ്വീകരിച്ചു.പിറ്റേന്ന് മത്സരം ആരംഭിച്ചു. മുയൽ മുന്നാലെ പാഞ്ഞു. പാവം ആമ സാവധാനം നടന്നു നീങ്ങി.കുറച്ചു നേരം കഴിഞ്ഞപ്പോൾ മുയൽ കരുതി "കുറച്ചുനേരം വിശ്രമിക്കാം. ആമ വരുംമ്പോഴേക്കും ഒന്നു ഈ മരതണലിൽ കിടന്നുറങ്ങാം".അങ്ങനെമുയൽ ഉറക്കം ആരംഭിച്ചു.

കുറച്ചുക്കഴിഞ്ഞ് ആമ മുയലിന്റെഅടുത്തെത്തി.ആമ മുയലിനെ നോക്കി പറഞ്ഞു: "അഹങ്കാരി , നീ ഇവിടെ കിടന്ന് ഉറങ്ങ്".

ആമ നടത്തം തുടർന്നു. പിന്നീട്കുരങ്ങൻ വന്നു വിളിച്ചപ്പോഴാണ് മുയൽആമ മത്സരത്തിൽ വിജയിച്ച കാര്യം അറിഞ്ഞത്.

**ഗുണപാഠം: നമ്മുടെ കഴിവുകളിൽ നാം അഹങ്കരിക്കരുത്.**

**ഗോഡ്സൺ എം ഡി, 9B**

വാഞ്ഛ

# _വിണ്ണിലെ വെള്ളിത്തിളക്കം

വിണ്ണിന്റെ കൊലുസിട്ട പ്രതിഛായ
എന്റെ മനസ്സിന്റെ ചില്ലുവീട്
മുളതൊട്ട് കിളിർക്കുംവരെ
എന്റെ മനസ്സിലെ വെള്ളരിപ്രാവിൻമുഖമാണ്
ചില്ലുവീട്ടിലെ രാജഹംസം
വെള്ളിത്തിളക്കം പോൽ തിളങ്ങും അവൾ
വെള്ളിക്കൊലുസുകൾ അവൾ
എണ്ണി എണ്ണി പ്രതിപതിപ്പിക്കും
എത്രയുഗങ്ങൾക്കിടയിൽ അവൾക്ക്
വിണ്ണിലെ ഇടിമുഴക്കം പേറി
കുപ്പതൊട്ടിയിലായ അവൾ നിന്ന്
നീറലോടെ ഒരു തേങ്ങൽ
എത്ര ഋതുക്കൾ കൊഴിഞ്ഞു പോയാലും
എന്റെ ജീവിതം ചിതലരിച്ചാലും

ഗൗരിനന്ദന.കെ എസ്
10 A

വാഞ്ഛ

## ഗ്രാമം

തോടുണ്ട് തോട്ടിൻ കരയിലുണ്ട്
കളിവീട് പോലുള്ള ചെറുവീടുകൾ
വയലുണ്ട് വരമ്പുണ്ട് വരമ്പിലുണ്ട്
കരിമ്പനക്കൂട്ടം വളരുന്നുണ്ട്
വളവുണ്ട് വഴിയുണ്ട്
കരിയിലക്കൂട്ടം കരയണുണ്ട്
പ്ലാവുണ്ട് മാവുണ്ട് മാവിലുണ്ട്
മാങ്ങ പഴുത്തു കിടക്കണെണ്ട്
കാലത്ത് കാലികൾ മേയുന്നൊരിടമുണ്ട്
ഇടമാകെ പുല്ലു വളരുന്നുണ്ട്

ജയലക്ഷ്മി എം ആർ
7 എ

വാഞ്ഛ

# കടപ്പാട്

ഡിജിററൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച

എല്ലാ ലിററിൽ കൈററ് അംഗങ്ങൾക്കും അവരെ സഹായിച്ച

അധ്യാപകർക്കും നന്ദി............

## പി ജെ എം എസ് ജി എച്ച് എസ് എസ്

## കണ്ടശ്ശാംകടവ്

